പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 533** 20-11-2019-ലെ മറുപടി

**പണി പൂർത്തിയാകാത്ത വൻകിട ജലസേചന പദ്ധതികൾ**

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി

ശ്രീ.പി. ഉണ്ണി

ശ്രീ.സി. കെ. ശശീന്ദ്രൻ

ശ്രീ.ജോർജ് എം. തോമസ്

മറുപടി

കെ.കൃഷ്ണൻകുട്ടി

ജലവിഭവ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | നാല്പത് വർഷം മുമ്പ് 7.6 കോടി രൂപ മതിപ്പുചെലവിൽ ആരംഭിച്ച കാരാപ്പുഴ പദ്ധതിയുടെ വിതരണ ചാലുകൾ (ഡിസ്ട്രിബ്യൂട്ടറി) നിർമ്മിക്കാത്തത് കാരണം പദ്ധതി ഇതുവരെ പ്രയോജനപ്രദമാക്കാൻ സാധിക്കാതെ പോയത് സത്വരമായി പരിഹരിക്കാൻ പരിപാടിയുണ്ടോ; | എ) | ഉണ്ട്. കാരാപ്പുഴ ജലസേചനപദ്ധതിയുടെ Head worksന്റെയും ഇടതുകര - വലതുകര കനാലുകളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശാഖാ കനാലുകളുടെ 47.26 ശതമാനവും ഡിസ്ട്രിബ്യൂട്ടറികളുടെ 3.50 ശതമാനവും പൂർത്തിയായിട്ടുണ്ട്. 15.305 കി.മീ. ഇടതുകര കനാലിലൂടെയും 7.02 കി.മീ. വലതുകര കനാലിലൂടെയും ജലവിതരണം നടത്തുക വഴി നിലവിൽ 601 ഹെക്ടർ സ്ഥലത്ത് ജലവിതരണം നടത്തി വരുന്നു.<br>പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാരാപ്പുഴ ജലസേചന പദ്ധതി 2020-21 വർഷത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് ത്വരിതഗതിയിൽ പ്രവൃത്തികൾ നടന്നുവരുന്നു. |
| ബി) | വയനാട് ജില്ലയിലെ കാർഷിക മേഖലയ്ക്ക് ഏറെ പ്രയോജനപ്രദമായ ബാണാസുര സാഗർ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | ബി) | ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ മെയിൻ കനാൽ 84 ശതമാനവും പ്രധാന കനാലിനെ ബ്രാഞ്ച് കനാലുകളുമായി യോജിപ്പിക്കുന്ന ഡൈവേർഷൻ ചേമ്പർ പ്രവൃത്തി 100 ശതമാനവും പൂർത്തിയായിട്ടുണ്ട്. മെയിൻ കനാലിൽ പണി പൂർത്തിയാകാതിരുന്ന അക്വഡക്ടിന്റെയും (ചെ.1130 മീ. മുതൽ ചെ.1150 മീ. വരെ) വെണ്ണിയോട് ബ്രാഞ്ച് കനാലിന്റേയും ഡിസ്ട്രിബ്യൂട്ടറികളുടെയും |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശ പ്രകാരം ബാണാസുരസാഗർ ജലസേചനപദ്ധതി 2021-22 വർഷത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനായി ലക്ഷ്യമിടുന്നു. |
| സി) | സമാന രീതിയിൽ ദീർഘകാലമായി നിക്ഷേപത്തിൽ നിന്നും പ്രയോജനം ലഭിക്കാത്ത വൻകിട പദ്ധതികളായ മൂവാറ്റുപുഴ, ഇടമലയാർ ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയിക്കാമോ? | സി) | <u>മൂവാറ്റുപുഴവാലി ജലസേചന പദ്ധതി:</u><br>മൂവാറ്റുപുഴവാലി ജലസേചന പദ്ധതിയിലെ പൂർത്തീകരിക്കാനുള്ള ഡിസ്ട്രിബ്യൂട്ടറികളായ മടക്കത്താനം ഡിസ്ട്രിബ്യൂട്ടറി, കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി, ആനിക്കാട് ഈസ്റ്റ് (നട്ടുക്കര), ഇടയാർ ഡിസ്ട്രിബ്യൂട്ടറികളുടെയും ബാക്കി പ്രവൃത്തികൾ 2020 മാർച്ച് മാസത്തോടു കൂടി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാണ് നിശ്ചയിച്ചിരിക്കുന്നത്.<br><br><u>ഇടമലയാർ ജലസേചനപദ്ധതി:</u><br>ഇടമലയാർ ജലസേചനപദ്ധതിയുടെ ലിങ്ക് കനാലിന്റെ നിർമ്മാണം പ്ലാനിംഗ് ബോർഡിന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ പരിഗണനയിലാണ്. ആയതിന്റെ നിർമ്മാണത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നു. കൂടാതെ ലോ ലെവൽ കനാലിലെ കാഞ്ഞൂർ തെക്കും ഭാഗം ബ്രാഞ്ച് കനാൽ 7 കി.മീ. 2022ഓടുകൂടി പണി പൂർത്തിയാക്കും. |

സെക്ഷൻ ഓഫീസർ